<u>പതിമൂന്നാം കേരള നിയമസഭ</u>

<u>പതിനാലാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4256

21.07.2015-ൽ മറുപടിക്ക്

## കിലയുടെ റീജിയണൽ സെന്റർ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മോൻസ് ജോസഫ് | ഡോ: എം.കെ. മുനീർ (പഞ്ചായത്തും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ ഞീഴൂർ പഞ്ചായത്തിൽ കിലയുടെ റീജിയണൽ സെന്റർ സ്ഥാപിക്കുന്നതു സംബന്ധിച്ച് ഞീഴൂർ പഞ്ചായത്ത് വക 5 ഏക്കർ ഭൂമി കൈമാറുന്നതിന് പഞ്ചായത്തു കമ്മിറ്റി എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയം ഭരണ വകുപ്പ് ഇതുവരെ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കാമോ;

(ബി) ഭൂമി കൈമാറ്റം സംബന്ധിച്ച ഫയലിൽ തീരുമാന-മെടുക്കുന്നതിനുള്ള കാലതാമസം വ്യക്തമാക്കാമോ; ഈ ഫയലിൽ തീരുമാനമെടുത്ത് കിലയ്ക്ക് ഭൂമി കൈമാറുന്നതിന് സത്വര നടപടി സ്വീകരിക്കുമോ; ഈ ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ?

(എ) & (ബി) ഞീഴൂർ പഞ്ചായത്തിൽ ഞീഴൂർ വില്ലേജിൽ സർവ്വേ. 419/1-ൽപ്പെട്ട 5 ഏക്കർ പുറമ്പോക്ക് സ്ഥലം, കിലയുടെ റീജിയണൽ സെന്റർ സ്ഥാപിക്കുന്നതിന് കൈമാറുന്നതിനാണ് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിരുന്നത്. നിലവിലെ നിയമപ്രകാരം പുറമ്പോക്ക് ഭൂമി ആർക്കെങ്കിലും പതിച്ചു നൽകാൻ സാധ്യമല്ല. പഞ്ചായത്ത് രാജ് ആക്ട് ചട്ടം 279(2) പ്രകാരം വിജ്ഞാപനം മൂലം ഭൂമി ആക്ടിന്റെ പരിധിയിൽ നിന്നും ഒഴിവാക്കി സർക്കാരിലേയ്ക്ക് പുനർനിക്ഷിപ്തമാക്കി റവന്യൂ വകുപ്പ് അഡ്മിനിസ്റ്റർ ചെയ്യുന്ന ഭൂമി പതിച്ചുകൊടുക്കൽ ചട്ടങ്ങളും നിയമങ്ങളും പ്രകാരം പതിച്ചു നൽകാനേ സാധിക്കുകയുള്ളു. ആയതിനാൽ മേൽപറഞ്ഞ പുറമ്പോക്ക് ഭൂമി കിലയുടെ റീജിയണൽ സെന്റർ

സ്ഥാപിക്കുന്നതിന് വിട്ടു കൊടുക്കുന്നതിനായി സർക്കാരിൽ പുനർ നിക്ഷിപ്തമാക്കുന്നതു സംബന്ധിച്ച് പഞ്ചായത്ത് തീരുമാനമെടുത്ത് സർക്കാരിന്റെ മുൻകൂർ അനുമതിക്കായി അപേക്ഷിയ്ക്കുവാൻ ഞീഴൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ